പത്രക്കുറിപ്പ്
5-9-2018

## കാർഷിക മേഖലയിലെ മികവുറ്റ പ്രവർത്തനങ്ങൾ:
# കുടുംബശ്രീക്ക് ദേശീയ അവാർഡ്

തിരുവനന്തപുരം: കാർഷിക മേഖലയിൽ സമഗ്രമായ ഉപജീവന പ്രവർത്തനങ്ങൾ ആവ്ഷിക്കരിച്ച് നടപ്പാക്കിയതു വഴി കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന കുടുംബശ്രീ സംഘക്കൃഷി വനിതാ കർഷകരുടെ സാമ്പത്തിക സാമൂഹിക ശാക്തീകരണം സാധ്യമാക്കിയ കുടുംബശ്രീയുടെ പ്രവർത്തന മികവിന് ദേശീയ അവാർഡ്. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി രാജ്യത്തെ ഇരുപത്തിമൂന്ന് സംസ്ഥാനങ്ങളിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) ഏറ്റവും ഫലപ്രദമായ രീതിയിൽ നിർവഹിച്ചതിനാണ് കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസിയായ കുടുംബശ്രീയെ അവാർഡിനായി തിരഞ്ഞെടുത്തത്. സെപ്റ്റംബർ പതിനൊന്നിന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമവികസ മന്ത്രി നരേന്ദ്ര സിങ്ങ് ടോമറിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ അവാർഡ് സ്വീകരിക്കും.

പരമ്പരാഗത കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ശാസ്ത്രീയ കൃഷി രീതികളുടെ പ്രയോഗം, ജൈവക്കൃഷിയുടെ പ്രോത്സാഹനം, കൂടുതൽ വനിതാ കർഷകരെ പദ്ധതിൽ ഉൾപ്പെടുത്തൽ, ആധുനിക കൃഷി രീതികളെ കുറിച്ചുള്ള വിജ്ഞാന വ്യാപനം, തരിശുരഹിത ഗ്രാമങ്ങൾ ലക്ഷ്യമിട്ട് നടപ്പാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർധിത ഉൽപന്നങ്ങളുടെ വികസനവും വിപണി കണ്ടെത്തലും, കർഷകരുടെ കൂട്ടായ്മയായി പ്രൊഡ്യൂസർ കമ്പനികളുടെയും സംഘക്കൃഷി ഗ്രൂപ്പുകൾക്ക് പിന്തുണ നൽകുന്നതിനായി കർഷക സഹായകകേന്ദ്രങ്ങളുടെയും രൂപീകരണം, അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ ഉപജീവനത്തിനും വരുമാന ലഭ്യതയ്ക്കുമായി പ്രത്യേക കാർഷിക പദ്ധതി എന്നിങ്ങനെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നിരന്തരവും സജീവവുമായ ഇടപെടലുകളാണ് കുടുംബശ്രീ നടത്തുന്നത്. ഇതോടൊപ്പം ജലസ്രോതസുകളും മണ്ണും സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകിയുള്ള പ്രവർത്തനങ്ങളും കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിനുള്ള ശ്രദ്ധേയമായ പരിശ്രമങ്ങളും പരിഗണിച്ചാണ് അവാർഡ്.

രാജ്യമൊട്ടാകെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയുടെ ഉപപദ്ധതിയാണ് എം.കെ.എസ്.പി. ഗ്രാമീണ മേഖലയിലെ വനിതകൾക്ക് കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഉപജീവന മാർഗവും തൊഴിലും ലഭ്യമാക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2011 മുതലാണ് പദ്ധതി കേരളത്തിൽ നടപ്പാക്കിയത്. മൂന്നു വർഷം കാലാവധിയുള്ള പദ്ധതിയ്ക്ക് 79 കോടി രൂപയാണ് അടങ്കൽ തുക. ഈ കാലയളവിൽ 24000 കർഷക സംഘങ്ങൾ രൂപീകരിച്ച് ഒന്നര ലക്ഷം അയൽക്കൂട്ട വനിതാ കർഷകരെ പദ്ധതിയുടെ കീഴിൽ കൊണ്ടു വരിക എന്നതായിരുന്നു ലക്ഷ്യം. ഫലപ്രദമായ ആസൂത്രണം വഴി 2012ൽ തന്നെ ഈ ലക്ഷ്യം മറി കടക്കാൻ കുടുംബശ്രീക്ക് സാധിച്ചിരുന്നു. തുടർന്ന് പദ്ധതി ദീർഘിപ്പിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചു. നിലവിൽ 53000 ഹെക്ടർ സ്ഥലത്താണ് കുടുംബശ്രീയുടെ കൃഷി. ഇതിലൂടെ പദ്ധതി ലക്ഷ്യത്തിന്റെ ഇരട്ടിയിലധികം സ്ഥലത്തേക്ക് കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കുടുംബശ്രീക്കായിട്ടുണ്ട്.

തരിശുരഹിത ഗ്രാമങ്ങൾ ലക്ഷ്യമിട്ടു കുടുംബശ്രീ നടപ്പാക്കുന്ന സംഘക്കൃഷിയിലൂടെ കൂടുതൽ തരിശുനിലങ്ങൾ കണ്ടെത്തി കൃഷിക്ക് ഉപയുക്തമാക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സമഗ്ര മുന്നേറ്റം ലക്ഷ്യമിട്ട് അഞ്ച് പ്രൊഡ്യൂസർ കമ്പനികളും ഇതിനകം രൂപീകരിച്ചു. കൂടാതെ കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനത്ത് 140 നഴ്സറികൾ, അഞ്ച് ജില്ലകളിൽ 250

ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യക്കൃഷി എന്നിവയ്ക്കും തുടക്കമിട്ടു. സാമൂഹിക വികസനരംഗത്ത് സംഘക്കൃഷിയുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങളിൽ മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി നടത്തുന്ന 'സഞ്ജീവനി' അഗ്രി തെറാപ്പി പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ജൈവക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന കർഷക വനിതകൾക്ക് തങ്ങളുടെ ഉൽപന്നങ്ങൾ പൂർണമായും ജൈവക്കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്നവയാണെന്ന് വ്യക്തമാക്കുന്ന പാർട്ടിസിപ്പേറ്ററി ഗാരണ്ടി സിസ്റ്റം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കി വരികയാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**